# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020 ഫെബ്രുവരി 10, തിങ്കൾ

**നമ്പർ 209**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 137-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിയ സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ മേശപ്പുറത്തുവച്ചു.

ഗവർണറുടെ സന്ദേശം:

2020 ഫെബ്രുവരി 5-ന് സഭ അംഗീകരിച്ച ഗവർണറുടെ നയ പ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തിന് ഗവർണർ നൽകിയ മറുപടി സ്പീക്കർ സഭയിൽ വായിച്ചു

അടിയന്തരപ്രമേയം:

കേരളത്തിൽ കാർഷിക മേഖല നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ പ്രതിസന്ധി സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് മൂന്ന് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രമേയം ചർച്ചയ്ക്കെടുക്കാൻ കൃഷി വകുപ്പുമന്ത്രി സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം ഉച്ചയ്ക്കുശേഷം ഒരു മണിയ്ക്ക് ചർച്ച ചെയ്യാവുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾ തിരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ രാജു എബ്രഹാം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 208/2020(i).

(2) 2019-ലെ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം സംസ്ഥാനത്ത് നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. ജെ. വിനോദ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. ജി. എസ്. ജയലാൽ | കൊല്ലം സഹകരണ സ്പിന്നിങ് മില്ലിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ഡോ. എം. കെ. മുനീർ | പുതിയപാലത്ത് കിഫ്ബിയിലുൾപ്പെടുത്തിയ പാലം നിർമ്മാണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | റബ്ബർ വില സ്ഥിരതാ പദ്ധതി | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. ടി. തോമസ് | പാലാരിവട്ടം പാലം അടച്ചത് മൂലമുള്ള ബുദ്ധിമുട്ടുകൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ചേലക്കോട്ടുകുളങ്ങര-വലിയ തറക്കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. ഉമ്മർ | കേരള സ്റ്റാമ്പ് ആക്ട് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. യു. ജനീഷ് കുമാർ | പ്ലാപ്പള്ളി-അച്ചൻ കോവിൽ റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ഹരീന്ദ്രൻ | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നൽകുന്നതിലെ കാലതാമസം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. സുരേഷ് കുറുപ്പ് | ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ ചുമർ ചിത്രങ്ങളുടെ സംരക്ഷണം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. അനിൽ അക്കര | നവകേരളം കുടിശ്ശിക നിവാരണം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം:

2020- 21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. വി. ശശി ചർച്ച തുടങ്ങിവച്ചുകൊണ്ട് സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു:

1. ശ്രീ. വി. ഡി. സതീശൻ
2. ശ്രീ. സി. കെ. ശശീന്ദ്രൻ
3. ശ്രീ. പി. കെ. ബഷീർ
4. ശ്രീ. സി. ദിവാകരൻ
5. ശ്രീ. മാണി സി. കാപ്പൻ
6. ശ്രീ. വി. എസ്. ശിവകുമാർ
7. ശ്രീ. കെ. ഡി. പ്രസേനൻ
8. ശ്രീ. മോൻസ് ജോസഫ്
9. ശ്രീ. യു. ആർ. പ്രദീപ്.

അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച :

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന പ്രമേയം ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ചു സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു:

1. ശ്രീ. രാജു എബ്രഹാം
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. മുല്ലക്കര രത്നാകരൻ
4. ശ്രീ. എം. സി. കമറുദ്ദീൻ
5. ശ്രീ. പി. ജെ. ജോസഫ്
6. ശ്രീ. സി. കെ. ഹരീന്ദ്രൻ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. പി. സി. ജോർജ്
9. ശ്രീ. കെ. വി. വിജയദാസ്
10. ശ്രീ. ഷാഫി പറമ്പിൽ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ഭക്ഷ്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ, കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ എന്നിവർ മറുപടി നൽകി.

പ്രമേയം സഭ തള്ളി.

സർക്കാർ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

<u>2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റിനെ സംബന്ധിച്ചുള്ള പൊതു ചർച്ച തുടർന്നു:</u>

10. ശ്രീ. ജി. എസ്. ജയലാൽ
11. ശ്രീ. വി. കെ. സി. മമ്മത് കോയ
12. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
13. ശ്രീ. ഐ. ബി. സതീഷ്
14. ശ്രീ. പി. സി. ജോർജ്
15. ശ്രീ. പി. ഉബൈദുള്ള
16. ശ്രീ. പി. വി. അൻവർ
17. ശ്രീ. എം. ഉമ്മർ
18. ശ്രീമതി വീണാ ജോർജ്ജ്
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. സജി ചെറിയാൻ.

ചർച്ച പൂർത്തിയായില്ല.

2020 ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.36-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Eighteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, February 10, 2020*

**No. 209**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Correction of answer to starred question :*

Corrected answer and Statement to Starred Question No. 137 of the Sixteenth Session of the Fourteenth Kerala Legislative Assembly was laid on the Table by Shri A. C. Moideen Minister for Local self Governments.

*Message from the Governor :*

The Speaker reported to the Assembly the Governor's reply to the Motion of thanks on Governor's address, which was adopted by the house on 5th February, 2020.

*Adjournment Motion:*

The Speaker informed the House that Shri Sunny Joseph and three other Members had given a notice for moving an adjournment motion regarding the crisis reported to have arised in the Agriculture Sector of the State. As the Minister for Agriculture expressed his willingness to discuss the motion, the Speaker granted permission to moving of the adjournment motion and announced that the motion would be taken up at 1.00 p.m.

*Calling Attention:*

(1) Shri Raju Abraham called the attention of the Minister for Co-operation, Tourism and Devaswoms to the necessity to rectify the Central Government policies that cause crisis in the co-operative sector of the State. The Minister made a statement thereto.

(2) Shri T. J. Vinod called the attention of the Chief Minister to the necessity to implement the Coastal Regulation Zone notification, 2019 in the State. The Chief Minister made a statement thereto.

KNPP. 208/2020(ii).

*Matters raised by Members under Rule 304 :*

The Matters raised in the House by Members under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | ശ്രീ. ജി. എസ്. ജയലാൽ | കൊല്ലം സഹകരണ സ്പിന്നിങ് മില്ലിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ഡോ. എം. കെ. മുനീർ | പുതിയപാലത്ത് കിഫ്ബി യിലുൾപ്പെടുത്തിയ പാലം നിർമ്മാണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | റബ്ബർ വില സ്ഥിരതാ പദ്ധതി | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. ടി. തോമസ് | പാലാരിവട്ടം പാലം അടച്ചത് മൂലമുള്ള ബുദ്ധിമുട്ടുകൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ചേലക്കോട്ടുകുളങ്ങര-വലിയ തറക്കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. ഉമ്മർ | കേരള സ്റ്റാമ്പ് ആക്ട് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. യു. ജനീഷ് കുമാർ | പ്ലാപ്പള്ളി-അച്ചൻ കോവിൽ റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ഹരീന്ദ്രൻ | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നൽകുന്നതിലെ കാലതാമസം | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. സുരേഷ് കുറുപ്പ് | ഏറ്റുമാനൂർ മഹാദേവക്ഷേത്ര ത്തിലെ ചുമർ ചിത്രങ്ങളുടെ സംരക്ഷണം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. അനിൽ അക്കര | നവകേരളം കുടിശ്ശിക നിവാരണം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business:*

- The general discussion on the budget for the financial year 2020-21 commenced. Shri V. Sasi, Deputy Speaker, initiated the discussion. The following Members also took part in the discussion:

1. Shri V. D. Satheesan
2. Shri C. K. Saseendran
3. Shri P. K. Basheer
4. Shri C. Divakaran
5. Shri Mani C. Kappan
6. Shri V. S. Sivakumar
7. Shri K. D. Prasenan
8. Shri Mons Joseph
9. Shri U. R. Pradeep.

*Discussion on Adjournment motion:*

Shri Sunny Joseph moved the following motion and spoke:

"The House do now adjourn".

The following Members took part in the discussion:

1. Shri Raju Abraham
2. Shri K. C. joseph
3. Shri Mullakkara Retnakaran
4. Shri M. C. Kamaruddin
5. Shri P. J. Joseph
6. Shri C. K. Hareendran
7. Shri Anoop Jacob
8. Shri P. C. George
9. Shri K. V. Vijayadas
10. Shri Shafi Parambil.

Shri K. Raju, Minister for Forests, Animal Husbandry and Zoos, Shri P. Thilothaman, Minister for Food and Civil Supplies and Shri V. S. Sunil Kumar, Minister for Agriculture replied to the points raised during discussion.

The motion moved was declared lost.

In protest against the reply of the Ministers the opposition Members staged a walkout.

*The general discussion on the budget for the financial year 2020-21 continued:*

10. Shri G. S. jayalal
11. Shri V. K. C. Mammed Koya
12. Prof. Abid Hussain Thangal
13. Shri I. B. Satheesh
14. Shri P. C. George
15. Shri P. Unni
16. Shri P. V. Anvar
17. Shri M. Ummer
18. Smt. Veena George
19. Shri V. P. Sajeendran
20. Shri Saji Cherian.

The discussion was inconclusive.

The House adjourned at 5.36 p.m. to meet again at 9.00 a.m. on Tuesday, February 11, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*